ദൈവിക ദീനിന്റെ വിരോധികൾ ഭൂമിയിൽ വൻശക്തികളും മഹാ വീരപരാക്രമികളുമായി വിഹരിക്കുന്നതു കണ്ട് അവർ എക്കാലത്തും ഇതേ ശക്തിയോടെ നിലനിൽക്കുമെന്നോ ആർക്കും അവരെ തോൽപിക്കാനാവില്ലെന്നോ പരലോകത്തും അവർ തന്നെയായിരിക്കും ജേതാക്കൾ എന്നോ ഒന്നും തെറ്റിദ്ധരിക്കേണ്ട. അല്ലാഹു നിശ്ചയിച്ച അവധി വരെയേ അവർക്ക് നിലനിൽപ്പുള്ളൂ.



**56.** ആകയാൽ നമസ്കാരം മുറപ്രകാരം നിലനിർത്തുവിൻ, സകാത്ത് കൊടുക്കുവിൻ, ദൈവദൂതനെ അനുസരിക്കുവിൻ; ദൈവകാരുണ്യത്തിനർഹരാകുമെന്ന് പ്രതീക്ഷിക്കാം

وَأَقِيمُوا الصَّلَاةَ وَآتُوا الزَّكَاةَ وَأَطِيعُوا الرَّسُولَ لَعَلَّكُمْ تُرْحَمُونَ ﴿٥٦﴾

**56**

നിങ്ങൾ നമസ്കാരം മുറപ്രകാരം നിലനിർത്തുവിൻ = وَأَقِيمُوا الصَّلَاةَ

ദൈവദൂതനെ അനുസരിക്കുവിൻ = وَأَطِيعُوا الرَّسُولَ സകാത്ത് കൊടുക്കുവിൻ = وَآتُوا الزَّكَاةَ

നിങ്ങൾ കരുണചെയ്യപ്പെട്ടേക്കും (ദൈവകാരുണ്യം പ്രതീക്ഷിക്കാം) = لَعَلَّكُمْ تُرْحَمُونَ

മനസ്സിൽ കുടിയിരിക്കുന്ന വിശ്വാസദൗർബല്യത്തിന്റെയും കാപട്യത്തിന്റെയും ഭീതിയുടെയും അഴുക്ക് കഴുകിക്കളയാനുള്ള വഴി വ്യക്തമാക്കുകയാണീ സൂക്തം. നമസ്കാരം, സകാത്ത്, പ്രവാചകനെ നിരുപാധികം പിന്തുടരൽ എന്നീ മൂന്നു വിധികൾ ദീനുൽ ഇസ്ലാമിന്റെ എല്ലാ വിധിവിലക്കുകളെയും ഉൾക്കൊള്ളുന്നതാണ്. ഈ മാർഗം പിന്തുടരുന്നവർക്ക് അല്ലാഹുവിന്റെ അനുഗ്രഹവും ഇഹപര സൗഭാഗ്യവും, ന്യായമായും പ്രതീക്ഷിക്കാം. ■

**57.** സത്യധർമങ്ങൾ നിഷേധിച്ചു വാഴുന്നവർ ഭൂമിയിൽ അല്ലാഹുവിനെ തോൽപ്പിച്ചുകളയുമെന്ന് നീ തെറ്റിദ്ധരിക്കേണ്ട. അവരുടെ അന്തിമസങ്കേതം നരകംതന്നെയാകുന്നു. എത്ര ദുഷ്ടമായ സങ്കേതം!

لَا تَحْسَبَنَّ الَّذِينَ كَفَرُوا مُعْجِزِينَ فِي الْأَرْضِ ۚ وَمَأْوَاهُمُ النَّارُ ۖ وَلَبِئْسَ الْمَصِيرُ ﴿٥٧﴾

**57**

നീ വിചാരിക്കേണ്ട (തെറ്റിദ്ധരിക്കേണ്ട) = لَا تَحْسَبَنَّ

സത്യം (ധർമങ്ങൾ) നിഷേധിച്ച(ച്ചും വാഴുന്ന)വർ = الَّذِينَ كَفَرُوا

അതിസാമർഥ്യമുള്ളവരെന്ന്, അമാനുഷ ശക്തിയുള്ളവരെന്ന് (അല്ലാഹുവിനെ തോൽപ്പിച്ചു കളയുമെന്ന്) = مُعْجِزِينَ

നരകം(തന്നെ) ആകുന്നു = النَّارُ അവരുടെ (അന്തിമ) താവളം = وَمَأْوَاهُمُ ഭൂമിയിൽ = فِي الْأَرْضِ

(അത്) അതിദുഷ്ടമായ പരിണതി (എത്ര ദുഷ്ടമായ സങ്കേതം) = وَلَبِئْسَ الْمَصِيرُ

وَلَيُبَدِّلَنَّهُم مِّن بَعْدِ خَوْفِهِمْ أَمْنًا-അവരുടെ ഇപ്പോഴത്തെ അരക്ഷിതാവസ്ഥയെ സുരക്ഷിതാവസ്ഥയാക്കി മാറ്റുകയും ചെയ്യും എന്ന സുവിശേഷത്തിന്റെ അനുബന്ധമാണിത്. مُعجِز ന്റെ ബഹുവചനമാണ് مُعْجِزِين . തന്നെ ജയിക്കാൻ അപരനെ അശക്തനാക്കുന്നവനാണ് مُعجِز . ഈ പദത്തിന്റെ ആശയം *ഖുർആൻ ബോധനം അൽ അൻആം* 134-ാം സൂക്തത്തിനു താഴെ വിശദമാക്കിയിട്ടുണ്ട്. വചനതാൽപര്യമിതാണ്: ദൈവിക ദീനിന്റെ വിരോധികൾ ഭൂമിയിൽ വൻശക്തികളും മഹാ വീരപരാക്രമികളുമായി വിഹരിക്കുന്നതു കണ്ട് അവർ എക്കാലത്തും ഇതേ ശക്തിയോടെ നിലനിൽക്കുമെന്നോ ആർക്കും അവരെ തോൽപിക്കാനാവില്ലെന്നോ പരലോകത്തും അവർ തന്നെയായിരിക്കും ജേതാക്കൾ എന്നോ ഒന്നും തെറ്റിദ്ധരിക്കേണ്ട. അല്ലാഹു നിശ്ചയിച്ച അവധി വരെയേ അവർക്ക് നിലനിൽപ്പുള്ളൂ. അതെത്തിയാൽ ആരും ഒന്നും ചെയ്തില്ലെങ്കിലും അവർ തകർന്നുപോകും. അവരുടെ ആഭ്യന്തര വൈരുധ്യങ്ങളും ജീർണതകളും തകർച്ചയെ അനിവാര്യമാക്കും. അമേരിക്ക ഒരു മിസൈൽ പോലും തൊടുക്കാതെ തന്നെ തുല്യ വൻശക്തിയായ സോവിയറ്റ് റഷ്യ തകർന്നടിഞ്ഞത് ഇതിനുദാഹരണമാണ്. ഇതേ വിധിതന്നെയാണ് മറ്റു വൻശക്തികളെയും കാത്തിരിക്കുന്നത്. ദൈവവിരുദ്ധശക്തികളുടെ തകർച്ച ഈ ലോകത്ത് നിങ്ങളുടെ കൺമുന്നിൽ സംഭവിച്ചാലും ഇല്ലെങ്കിലും പരലോകത്ത് അവരുടെ നിത്യവാസം നരകത്തിലായിരിക്കുമെന്നതിൽ ഒരു സന്ദേഹവും വേണ്ട. ■

---

يَا أَيُّهَا الَّذِينَ آمَنُوا لِيَسْتَأْذِنكُمُ الَّذِينَ مَلَكَتْ أَيْمَانُكُمْ وَالَّذِينَ لَمْ يَبْلُغُوا الْحُلُمَ مِنكُمْ ثَلَاثَ مَرَّاتٍ ۚ مِّن قَبْلِ صَلَاةِ الْفَجْرِ وَحِينَ تَضَعُونَ ثِيَابَكُم مِّنَ الظَّهِيرَةِ وَمِن بَعْدِ صَلَاةِ الْعِشَاءِ ۚ ثَلَاثُ عَوْرَاتٍ لَّكُمْ ۚ لَيْسَ عَلَيْكُمْ وَلَا عَلَيْهِمْ جُنَاحٌ بَعْدَهُنَّ ۚ طَوَّافُونَ عَلَيْكُم بَعْضُكُمْ عَلَىٰ بَعْضٍ ۚ كَذَٰلِكَ يُبَيِّنُ اللَّهُ لَكُمُ الْآيَاتِ ۗ وَاللَّهُ عَلِيمٌ حَكِيمٌ ﴿٥٨﴾

**58.** അല്ലയോ സത്യവിശ്വാസം കൈക്കൊണ്ടവരേ, നിങ്ങളുടെ അധീനതയിലുള്ള സ്ത്രീപുരുഷന്മാരും പ്രായപൂർത്തിയായിട്ടില്ലാത്ത കുട്ടികളും മൂന്നു നേരങ്ങളിൽ നിങ്ങളെ സമീപിക്കാൻ സമ്മതം ചോദിക്കേണ്ടതാകുന്നു; പ്രഭാത നമസ്കാരത്തിനു മുമ്പും മധ്യാഹ്നത്തിൽ നിങ്ങൾ വസ്ത്രങ്ങളഴിച്ചുവെക്കുമ്പോഴും ഇശാഅ് നമസ്കാരത്തിനു ശേഷവും. നിങ്ങളുടെ മൂന്നു സ്വകാര്യ സമയങ്ങളാണത്. ഇതല്ലാത്ത സമയങ്ങളിൽ നിങ്ങളോ അവരോ സമ്മതം തേടാതെ സമീപിക്കുന്നതിനു വിരോധമില്ല. നിങ്ങൾ സദാ പരസ്പരം ചുറ്റിപ്പറ്റി കഴിയേണ്ടവരാണല്ലോ. ഈ വിധം അല്ലാഹു അവന്റെ ധർമസൂക്തങ്ങൾ വിശദീകരിച്ചുതരികയാകുന്നു. അല്ലാഹു സർവജ്ഞനും യുക്തിമാനുമല്ലോ.

**58**

يَا أَيُّهَا الَّذِينَ آمَنُوا = അല്ലയോ സത്യവിശ്വാസം കൈക്കൊണ്ടവരേ لِيَسْتَأْذِنكُمُ = നിങ്ങളോട് സമ്മതം ചോദിക്കേണ്ടതാകുന്നു

الَّذِينَ مَلَكَتْ أَيْمَانُكُمْ = നിങ്ങളുടെ വലംകൈകൾ ഉടമപ്പെടുത്തിയവർ (അധീനതയിലുള്ള സ്ത്രീപുരുഷന്മാർ)

وَالَّذِينَ لَمْ يَبْلُغُوا الْحُلُمَ مِنكُمْ = നിങ്ങളിൽനിന്നുള്ള പ്രായപൂർത്തിയായിട്ടില്ലാത്തവരും (കുട്ടികളും)

ثَلَاثَ مَرَّاتٍ = മൂന്നു പ്രാവശ്യങ്ങളിൽ (മൂന്നു നേരങ്ങളിൽ) مِّن قَبْلِ صَلَاةِ الْفَجْرِ = പ്രഭാതനമസ്കാരത്തിനു മുമ്പ്

وَحِينَ تَضَعُونَ ثِيَابَكُم = നിങ്ങൾ വസ്ത്രങ്ങൾ അഴിച്ചുവെക്കു(മ്പോഴു)ന്ന നേരത്തും مِّنَ الظَّهِيرَةِ = മധ്യാഹ്നത്തിൽ

وَمِن بَعْدِ صَلَاةِ الْعِشَاءِ = ഇശാഅ് നമസ്കാരത്തിനു ശേഷവും

ثَلَاثُ عَوْرَاتٍ لَّكُمْ = നിങ്ങളുടെ മൂന്നു നഗ്നതകൾ (മൂന്നു സ്വകാര്യ സമയങ്ങളാണത്)

لَيْسَ عَلَيْكُمْ وَلَا عَلَيْهِمْ جُنَاحٌ = നിങ്ങൾക്കോ അവർക്കോ (സമ്മതം തേടാതെ സമീപിക്കുന്നതിനു) വിരോധമില്ല

بَعْدَهُنَّ = അവക്കു ശേഷം (ഇതല്ലാത്ത സമയങ്ങളിൽ)

طَوَّافُونَ عَلَيْكُم = (അവർ) നിങ്ങളെ ഏറെ ചുറ്റുന്നവരാകുന്നു (സദാ ചുറ്റിപ്പറ്റി കഴിയേണ്ടവരാണല്ലോ)

بَعْضُكُمْ عَلَىٰ بَعْضٍ = നിങ്ങളിൽ ചിലർ ചിലരെ (പരസ്പരം) كَذَٰلِكَ = ഈ വിധം

يُبَيِّنُ اللَّهُ لَكُمُ = അല്ലാഹു നിങ്ങൾക്കു വിശദീകരിച്ചുതരികയാകുന്നു = الْآيَاتِ ദൃഷ്ടാന്തങ്ങൾ (ധർമ)സൂക്തങ്ങൾ

وَاللَّهُ عَلِيمٌ حَكِيمٌ = അല്ലാഹു യുക്തിമാനാ(നും)യ സർവജ്ഞന(നുമ)ല്ലോ

നേരത്തേ 27-31 സൂക്തങ്ങളിൽ സാമൂഹിക ജീവിതത്തിൽ വ്യക്തികളുടെ സ്വകാര്യത സൂക്ഷിക്കുന്നതു സംബന്ധിച്ചു നൽകിയ പാഠങ്ങളുടെ തുടർച്ചയാണിത്. പ്രസ്തുത പാഠങ്ങളുടെ പ്രയോഗതലത്തിൽ ഉണ്ടാകുന്ന സംശയങ്ങൾ ഇതു വിശദീകരിക്കുന്നു. അന്യരുമായി ബന്ധപ്പെടുമ്പോൾ പരസ്പരം സൂക്ഷിക്കേണ്ട സ്വകാര്യത സംബന്ധിച്ചാണല്ലോ അവിടെ പറഞ്ഞത്. സ്വകാര്യതക്ക് മൂന്നു തലങ്ങളുണ്ട്; സാമൂഹികം, കുടുംബപരം, വ്യക്തിപരം. ഒരാൾ സമൂഹത്തിൽ സ്വകാര്യമായി സൂക്ഷിക്കുന്ന കാര്യങ്ങൾ സ്വന്തം കുടുംബത്തിൽ സ്വകാര്യമായിരിക്കുകയില്ല. അന്യരോട് പങ്കുവെക്കാനിഷ്ടപ്പെടാത്ത പല കാര്യങ്ങളും നാം കുടുംബവുമായി പങ്കുവെക്കുന്നു. ഇതാണ് സ്വകാര്യതയുടെ രണ്ടാമത്തെ തലം. ചില കാര്യങ്ങൾ വ്യക്തികൾ ആരുമായും പങ്കുവെക്കാനിഷ്ടപ്പെടുകയില്ല. സ്വന്തം ഭാര്യയുമായും ഭർത്താവുമായും പോലും പങ്കുവെക്കാനിഷ്ടപ്പെടാത്ത സ്വകാര്യങ്ങൾ വ്യക്തികൾക്കുണ്ടാകും. ഇവയെല്ലാം മാനിക്കപ്പെടേണ്ടതാണ്. നേരത്തെ വിശ്വാസികളോട് ദൃഷ്ടി താഴ്ത്തണമെന്നും അന്യവീടുകളിൽ അവരുടെ സമ്മതമില്ലാതെ പ്രവേശിക്കരുതെന്നും സ്വന്തം സൗന്ദര്യത്തിലേക്ക് ആളുകളുടെ നോട്ടം ക്ഷണിച്ചുവരുത്തരുതെന്നും നൽകിയ കൽപനകൾ നടപ്പിലാക്കുമ്പോൾ വീടുകളിൽ സദാ കൂടിക്കലർന്ന് പെരുമാറിക്കൊണ്ടിരിക്കുന്ന അന്യരായ ഭൃത്യജനങ്ങളുടെയും കുട്ടികളുടെയും പ്രശ്നം ഉയർന്നുവരുന്നു. ഉറ്റ ബന്ധുക്കളുടെയും ഭൃത്യരുടെയും ആശ്രിതരുടെയും കൊച്ചുകുട്ടികളുടെയും മുമ്പിൽ സ്ത്രീകൾ പർദ ധരിക്കേണ്ടതില്ലെന്നാണ് അവിടെ പറഞ്ഞത്. അതാണ് ഇവിടെ ഊരിവെക്കാൻ അനുവദിക്കുന്ന വസ്ത്രം. വീടുകളിൽ സാധാരണ ധരിക്കാറുള്ള വസ്ത്രം അപ്പോഴും ധരിച്ചിരിക്കണം. വ്യക്തികൾ അവരുടെ സ്വകാര്യമുറികളിൽ വിശ്രമിക്കുമ്പോൾ ഈ വസ്ത്രവും ഊരിവെക്കാവുന്നതാണ്. ആ സമയങ്ങളിൽ സ്വന്തം കുട്ടികളും ഭൃത്യന്മാരും വരെ അനുവാദം ചോദിക്കാതെ അങ്ങോട്ടു കടന്നുചെല്ലരുത്. يَسْتَأْذِنْكُمْ (നിങ്ങളോട് സമ്മതം ചോദിക്കുന്നു) എന്നതിന്റെ പദഘടന വർത്തമാനക്രിയയുടേ(مضارع)ത് ആണെങ്കിലും മുന്നിലെ "لِ" ശബ്ദം അതിന്റെ അർഥത്തെ ശാസനാ ക്രിയയുടേ(امر)ത് ആക്കി മാറ്റുന്നു. الَّذِينَ مَلَكَتْ أَيْمَانُكُمْ -ന്റെ ഭാഷാർഥം നിങ്ങളുടെ വലംകൈകൾ ഉടമപ്പെടുത്തിയവർ, അതായത് അധീനത്തിലുള്ളവർ എന്നാണ്. പണ്ടു കാലത്ത് അടിമകളായ സ്ത്രീപുരുഷന്മാരായിരുന്നു വ്യക്തികളുടെ അധീനതയിലുള്ളവർ. അതുകൊണ്ട് ഇത് عبد (അടിമ) -ന്റെ പര്യായമായിത്തീർന്നു. എന്നാൽ ഇവിടെ ഉദ്ദേശിക്കുന്ന الَّذِينَ مَلَكَتْ أَيْمَانُكُمْ വീട്ടുകാരുമായി നിരന്തരം ഇടപഴകിക്കഴിയുന്ന ആശ്രിതരും ഭൃത്യരുമാണ്. ശേഷം طَوَّافُونَ عَلَيْكُمْ എന്ന് അവരെ വിശേഷിപ്പിക്കുന്നതിൽ നിന്നും അക്കാര്യം വ്യക്തമാകുന്നു. الَّذِينَ لَمْ يَبْلُغُوا الْحُلُمَ -യെയാണ് പ്രായപൂർത്തിയായിട്ടില്ലാത്ത കുട്ടികൾ എന്ന് തർജമ ചെയ്തിട്ടുള്ളത്. ഭാഷയിൽ حُلُم നിദ്രയിലുണ്ടാകുന്ന സ്വപ്ന ദർശനമാണ്. ലൈംഗിക വിഷയങ്ങൾ സ്വപ്നം കാണുന്ന പ്രായമാവുകയാണ് بُلُوغُ الْحُلُمِ . പ്രായപൂർത്തിക്കും സ്വപ്നസ്ഖലനത്തിനും احتلام എന്നു പറയും. പുരുഷൻ പ്രജനന ശേഷി കൈവരിച്ചതിന്റെ ലക്ഷണമാണല്ലോ സ്ഖലനം. പൂർവികപണ്ഡിതന്മാർ അതിനെ പ്രായപൂർത്തിയായും പരിഗണിച്ചു. ആർത്തവം സ്ത്രീയുടെ പ്രജനനശേഷിയുടെ ലക്ഷണമാണ്. അതുകൊണ്ട് ഋതുമതിയാകുന്നതോടെ സ്ത്രീയും പ്രായപൂർത്തിയെത്തിയതായി പരിഗണിക്കപ്പെട്ടു. പ്രായപൂർത്തിക്ക് ഖുർആനോ സുന്നത്തോ കൃത്യമായ പ്രായപരിധി നിർണയിച്ചിട്ടില്ല. സ്ഖലനവും ആർത്തവവും ഉണ്ടാകാത്ത കുട്ടികൾ 15-ാം വയസ്സിൽ പ്രായപൂർത്തിയെത്തുമെന്ന് ശാഫിഈ-ഹമ്പലീ മദ്ഹബുകൾ പറയുന്നു. പ്രജനനശേഷി വെളിപ്പെടാത്ത ആൺകുട്ടികൾ പതിനെട്ടു വയസ്സിലും പെൺകുട്ടികൾ 17 വയസ്സിലും പ്രായപൂർത്തിയായവരായി പരിഗണിക്കപ്പെടണമെന്നാണ് ഇമാം അബൂഹനീഫയുടെ വീക്ഷണം. പ്രായപൂർത്തിയാവുക എന്നാൽ ശാരീരികവും മാനസികവുമായ പക്വതയും പാകതയും ഉത്തരവാദിത്തബോധവും കൈവരിക്കുകയാണ്. ഇക്കാര്യത്തിൽ കാലദേശാന്തരങ്ങൾക്ക് സ്വാധീനമുണ്ട്. പരിഷ്കൃത സമൂഹങ്ങളിലെ പത്തു വയസ്സുകാരനുള്ള അതേ പക്വതയും പാകതയും പ്രാകൃത-അധഃസ്ഥിത സമൂഹങ്ങളിലെ പത്തു വയസ്സുകാരനുണ്ടാകണമെന്നില്ല. പ്രജനനശേഷി ശാരീരികമായ പാകതയുടെ ലക്ഷണമാണെന്നതിൽ തർക്കമില്ല. പക്ഷേ ശാരീരികമായ പാകതയുടെ-പ്രായപൂർത്തിയുടെ-അനിവാര്യതയാണ് മാനസികമായ പ്രായപൂർത്തി-പക്വത-എന്ന നിഗമനം ശരിയല്ല. മനോരോഗികൾക്കും ഭ്രാന്തന്മാർക്കുമൊക്കെ പ്രജനനശേഷിയുണ്ടായിരിക്കും. എങ്കിലും അവരെ കാര്യവിവരവും നിയമബദ്ധതയും ഉത്തരവാദിത്തവുമുള്ളവരായി കണക്കാക്കുന്നില്ലല്ലോ.

ശാരീരികയോഗ്യതകളുമായി ബന്ധപ്പെട്ട വിഷയങ്ങളിലേ സ്ഖലനത്തെയും ആർത്തവത്തെയും പ്രായപൂർത്തിയുടെ മാനദണ്ഡമായി പരിഗണിക്കേണ്ടതുള്ളൂ. ഇന്ത്യയിൽ ആൺകുട്ടികൾക്ക് 12-15 വയസ്സിൽ സ്ഖലനവും പെൺകുട്ടികൾക്ക് 9-13 വയസ്സിൽ ആർത്തവവും ഉണ്ടായിത്തുടങ്ങുന്നു. നമ്മുടെ കുട്ടികൾ പൊതുവിൽ ആ പ്രായത്തിൽ മാനസികമായ പക്വതയും പാകതയും ആർജിക്കുന്നില്ലെന്നതിന് അനുഭവം സാക്ഷിയാണ്. അതായത് സ്ഖലനവും ആർത്തവവും ശാരീരികമായ പ്രായപൂർത്തിയുടെ മാത്രം ലക്ഷണമാണ്. ശാ

രീരികമായ പ്രായപൂർത്തിയെത്താത്ത കുട്ടികളും അഥവാ ലൈംഗികമായ വികാരങ്ങളുടെയും സ്വപ്നങ്ങളുടെയും പ്രായമാകാത്തവരും മുതിർന്നവരുടെ സ്വകാര്യ മുറികളിൽ അനുവാദമില്ലാതെ പ്രവേശിച്ച് അവരുടെ നഗ്നതകളും സ്വകാര്യതകളും കാണാനിടയാകരുത് എന്നാണിവിടെ അനുശാസിക്കുന്നത്. ഈ സൂറയിൽ നേരത്തേ വന്ന 31-ാം സൂക്തത്തിലെ أَوِ الطِّفْلِ الَّذِينَ لَمْ يَظْهَرُوا عَلَىٰ عَوْرَاتِ النِّسَاءِ എന്ന വാക്യത്തിൽനിന്നും അക്കാര്യം സ്പഷ്ടമാകുന്നു.

ശാരീരികവും മാനസികവുമായ യോഗ്യതകൾ ഒത്ത പ്രായപൂർത്തിയെക്കുറിക്കാൻ ഖുർആൻ ഉപയോഗിച്ചിട്ടുള്ളത് حلم എന്ന വാക്കല്ല; أشدّ എന്ന വാക്കാണ്. ശാരീരികമായ കെട്ടുറപ്പും മാനസികമായ ദൃഢതയുമാണ് اشد എന്ന് ഇമാം റാഗിബ് തന്റെ *മുഫ്റദാത്തിൽ* വ്യക്തമാക്കിയിട്ടുണ്ട്. വിവേകവും ബുദ്ധിയും ആവശ്യപ്പെടുന്ന വിഷയങ്ങളിൽ പരിഗണിക്കപ്പെടേണ്ടത് ഈ പ്രായപൂർത്തിയാണ്. അതാണ് അനാഥർക്ക് അവരുടെ സമ്പത്ത് ഏൽപിച്ചുകൊടുക്കാനും പ്രവാചകന്മാർക്ക് പ്രവാചകത്വ ലബ്ധിക്കുമുള്ള യോഗ്യതയായി ഖുർആൻ പറഞ്ഞിട്ടുള്ളത്. وَلَا تَقْرَبُوا مَالَ الْيَتِيمِ إِلَّا بِالَّتِي هِيَ أَحْسَنُ حَتَّىٰ يَبْلُغَ أَشُدَّهُ (അനാഥന്റെ മുതലിനെ അവന്ന് കാര്യപ്രാപ്തിയെത്തുന്നതുവരെ ഏറ്റവും നല്ല നിലയിലല്ലാതെ സമീപിച്ചുകൂടാ-6:152). ഇതേ കൽപന ഇതേ വാക്കുകളിൽ തന്നെ 17:34-ലും ആവർത്തിച്ചിരിക്കുന്നു. രണ്ട് അനാഥക്കുട്ടികൾക്ക് അവകാശപ്പെട്ട നിധി മൂസാ നബിയുടെ ഗുരു ഒളിപ്പിച്ചുവെച്ചതിനെക്കുറിച്ച് 18:82-ൽ പറയുന്നു:

فَأَرَادَ رَبُّكَ أَنْ يَبْلُغَا أَشُدَّهُمَا وَيَسْتَخْرِجَا كَنْزَهُمَا رَحْمَةً مِنْ رَبِّكَ ۚ

(ആ കുട്ടികൾ കാര്യപ്രാപ്തിയിലെത്തി തങ്ങളുടെ നിധി സ്വയം കണ്ടെടുക്കണമെന്ന് നിന്റെ നാഥൻ തീരുമാനിച്ചു). വിവാഹപ്രായം-പ്രജനനശഷി-പ്രാപിച്ചതുകൊണ്ടുമാത്രം മാനസികമായ പ്രായപൂർത്തി ലഭിക്കണമെന്നില്ലെന്നും അതു പരീക്ഷിച്ചുറപ്പുവരുത്തിയ ശേഷമാണ് അനാഥരെ സമ്പത്തിന്റെ കൈകാര്യം ഏൽപിക്കേണ്ടതെന്നും ഖുർആൻ സൂചിപ്പിക്കുന്നുണ്ട്:

وَابْتَلُوا الْيَتَامَىٰ حَتَّىٰ إِذَا بَلَغُوا النِّكَاحَ فَإِنْ آنَسْتُمْ مِنْهُمْ رُشْدًا فَادْفَعُوا إِلَيْهِمْ أَمْوَالَهُمْ

(വിവാഹപ്രായമാകുന്നതു വരെ അനാഥരെ പരീക്ഷിച്ചുകൊണ്ടിരിക്കണം. എന്നിട്ട് അവർക്ക് വിവേകമെത്തിയെന്ന് ബോധ്യമായാൽ അവരുടെ മുതലുകൾ ഏൽപിച്ചുകൊടുക്കുക-4:6).

യൂസുഫ് നബി (അ) പ്രവാചകത്വലബ്ധിക്ക് യോഗ്യനായതിനെക്കുറിച്ച് 12:22-ൽ പറയുന്നു: وَلَمَّا بَلَغَ أَشُدَّهُ آتَيْنَاهُ حُكْمًا وَعِلْمًا (അദ്ദേഹം പൂർണ യൗവനം-ശാരീരികവും മാനസികവുമായ കരുത്ത്-പ്രാപിച്ചപ്പോൾ നാം അദ്ദേഹത്തിന് കാര്യങ്ങൾ തീരുമാനിക്കാനുള്ള വൈഭവവും വിജ്ഞാനവും പ്രദാനം ചെയ്തു). മൂസാ നബിക്ക് പ്രവാചകത്വം നൽകിയതിനെക്കുറിച്ച് 28:14-ലും ഇതേ പ്രകാരം പ്രസ്താവിക്കുന്നുണ്ട്. പ്രവാചകത്വത്തിനുള്ള പ്രായപൂർത്തി എല്ലാവരും പ്രാപിക്കുന്നത് കൃത്യമായ ഒരു പ്രായത്തിലായിരിക്കുകയില്ല. മൂസാ(അ)യുടെ കാര്യത്തിൽ അത് 40 വയസ്സായിരുന്നു. യഹ്‌യാ(അ), ഈസാ (അ) എന്നിവർക്ക് ബാല്യത്തിൽ തന്നെ പ്രവാചകത്വം ലഭിച്ചതായി ഖുർആൻ (19:12,30) സൂചിപ്പിക്കുന്നു. മുഹമ്മദ് നബി(സ)ക്ക് 40 വയസ്സായപ്പോഴാണ് പ്രവാചകത്വം ലഭിച്ചത്.

ആധുനിക കാലത്ത് വോട്ടവകാശം, വിവാഹം, ക്രിമിനൽ ശിക്ഷകൾ തുടങ്ങിയ കാര്യങ്ങളിൽ പ്രായപൂർത്തി ഏറെ പ്രസക്തമാകുന്നു. വോട്ടവകാശത്തിനുള്ള പ്രായപൂർത്തിക്കും വിവാഹത്തിനുള്ള പ്രായപൂർത്തിക്കും ക്രിമിനൽ കുറ്റങ്ങൾക്കുള്ള ശിക്ഷാർഹതയുടെ പ്രായപൂർത്തിക്കുമെല്ലാം വ്യത്യസ്ത സമൂഹങ്ങൾ വ്യത്യസ്ത പ്രായപരിധികളാണ് നിശ്ചയിക്കുന്നത്. ഈ വ്യത്യസ്ത മാനദണ്ഡങ്ങളെ പൂർണമായി തള്ളിക്കളയാൻ പറ്റില്ല. പൂർവകാലത്ത് ശൈശവ വിവാഹം വിലക്കപ്പെട്ടിട്ടില്ലാത്തതുകൊണ്ട് ഇന്നും അതു നിയന്ത്രിക്കാൻ പാടില്ലെന്ന് പറയുന്നത് നിരർഥകമാണ്. കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷാർഹതയുടെ പ്രായം 18-ൽനിന്ന് 16 ആയി കുറക്കണമെന്ന ചർച്ച ഇപ്പോൾ ഇന്ത്യൻ നിയമവൃത്തങ്ങളിൽ ശക്തമായി നടക്കുന്നുണ്ട്. ഓരോ വിഷയത്തിലും ആ വിഷയത്തിൽ വ്യക്തികൾ കാര്യക്ഷമത (Maturity) ആർജിക്കുന്ന കാലമാണ് പ്രായപൂർത്തിയായി പരിഗണിക്കേണ്ടത്. ഇത് കാലദേശങ്ങളുടെ സവിശേഷതകളും ആളുകളുടെ ശാരീരികവും മാനസികവുമായ വളർച്ചയുടെ തോതും സൂക്ഷ്മമായി പഠിച്ച് നിർണയിക്കേണ്ടതാണ്.

ഒരു വസ്തു ഒരിടത്ത് വെക്കുകയോ സ്ഥാപിക്കുകയോ ചെയ്യുന്നതിനാണ് وضع എന്നു പറയുക. ഈ പദത്തിന്റെ കർമം വസ്ത്രം- ثَوْب -ആകുമ്പോൾ അർഥം വസ്ത്രം അഴിച്ചുമാറ്റി എന്നാകുന്നു. طائف(ചുറ്റുന്നവൻ)-ന്റെ ബഹുവചനമാണ് طوّاف . കഅ്ബയെ പ്രദക്ഷിണം ചെയ്യുന്നതിന് طواف എന്നു പറയുന്നു. ഇവിടെ طوّف കൊണ്ട് ഉദ്ദേശ്യം ചുറ്റിപ്പറ്റി കഴിയുകയാകുന്നു. മറ്റുള്ളവർ കാണുന്നത് നാണക്കേടായ രഹസ്യഭാഗവും അപകട മേഖലയും രോഗഗ്രസ്തമായതും عورة ആകുന്നു. അതിന്റെ ബഹുവചനമാണ് عورات . രഹസ്യഭാഗങ്ങളും സ്വകാര്യതകളുമാണ് ഇവിടെ ഉദ്ദേശ്യം. ثَلَاثُ عَوْرَاتٍ എന്നതിന്റെ പൂർണരൂപം هذه ثلاثة اوقات عورات . ഇവ മൂന്നു സ്വകാര്യ സമയങ്ങളാണെന്നും നഗ്നതയുടെ സമയങ്ങളാണെന്നും അർഥമാകാം. സ്വന്തം മുറിയിൽ ഉച്ചയുറക്കത്തിനു കിടക്കുമ്പോൾ വസ്ത്രങ്ങൾ അഴിച്ചുവെച്ച് ഏറക്കുറെ നഗ്നമായി ശയിക്കുക സാധാരണമാണ്-ഉഷ്ണകാലങ്ങളിൽ വിശേഷിച്ചും. സൂക്തം സംബോധന ചെയ്യുന്നത് يَا أَيُّهَا الَّذِينَ آمَنُوا എന്ന് വിശ്വാസികളായ സ്ത്രീകളെയും പുരുഷന്മാരെയുമാണ്. അതു നൽകുന്ന കൽപനകളാകട്ടെ അധീനതയിലുള്ളവരോടും കുട്ടികളോടുമാകുന്നു. ദാസി-ദാസന്മാരെയും കുട്ടികളെയും കീഴാളരെയും മൂന്നു സന്ദർഭങ്ങളിൽ മുതിർന്നവരുടെ മുറികളിൽ കടക്കുമ്പോൾ സമ്മതം ചോദിക്കാൻ പഠിപ്പിക്കേണ്ടത് വിശ്വാസികളുടെ ഉത്തരവാദിത്തമാകുന്നു എന്നാണിതിന്റെ താൽപര്യം. لِيَسْتَأْذِنْكُمُ-നിങ്ങളോ

ട് സമ്മതം ചോദിക്കേണ്ടതാണ്-എന്ന കൽപന കുട്ടികളോടും മുതിർന്നവരോടും ഭൃത്യരോടും വീട്ടുകാരോടും എല്ലാം ഉള്ളതാണ്. കൽപനയുടെ പ്രത്യക്ഷാർഥം നിർബന്ധ കൽപനയാണെങ്കിലും അഭികാമ്യതയാണ് ഉദ്ദേശ്യം എന്നാണ് ഫുഖഹാഅ് പൊതുവിൽ കരുതുന്നത്. അതായത് നിർദിഷ്ട സമയങ്ങളിൽ മറ്റുള്ളവരുടെ സ്വകാര്യ മുറിയിൽ കടന്നുചെല്ലുമ്പോൾ കൊച്ചു കുട്ടികളടക്കം എല്ലാവരും സമ്മതം ചോദിക്കുകയാണ് സുജന മര്യാദ. എന്നാൽ അങ്ങനെ ചെയ്യാതിരിക്കുന്നവർ ശിക്ഷാർഹരായ കുറ്റവാളികളാകുന്നില്ല. മുതിർന്നവർ കുട്ടികളെയും ആശ്രിതരെയും ഉത്തമ സ്വഭാവ മര്യാദകൾ പരിശീലിപ്പിക്കേണ്ടതും അഭികാമ്യമാകുന്നു. എന്നാൽ കുട്ടികളെയും ആശ്രിതരെയും സുജന മര്യാദകൾ ശീലിപ്പിക്കേണ്ടത് നിർബന്ധ ബാധ്യതയാണെന്ന വീക്ഷണമാണ് അധിക പണ്ഡിതന്മാർക്കുമുള്ളത്. അതിനുള്ള പ്രമാണം قُوا أَنْفُسَكُمْ وَأَهْلِيكُمْ نَارًا (നിങ്ങൾ നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും നരകത്തിൽനിന്ന് കാക്കുവിൻ-66:6) ആണ്. കൂടാതെ നബി (സ) പ്രസ്താവിച്ചതായി ഇമാം അഹ്മദും അബൂദാവൂദും ഉദ്ധരിക്കുന്നു; مروا أولادكم بالصلاة وهم أبناء سبع سنين، واضربوهم عليها وهم أبناء عشر سنين (ഏഴു വയസ്സായ കുട്ടികളോട് നമസ്കാരം കൽപിക്കണം. പത്തു വയസ്സായ കുട്ടികൾ നമസ്കരിക്കാൻ വിസമ്മതിച്ചാൽ അവരെ അടിച്ചുകൊണ്ട് അതിന് നിർബന്ധിക്കണം). ഇബ്നു മസ്ഊദ് (റ) പ്രസ്താവിച്ചു: ''കുട്ടിക്ക് പത്തു വയസ്സായാൽ അവന്റെ സൽക്കർമങ്ങൾ എഴുതപ്പെടുന്നു. എന്നാൽ പ്രായപൂർത്തിയാകുന്നതുവരെ അവന്റെ തിന്മകൾ എഴുതപ്പെടുന്നതല്ല.'' ഫജ്റ് നമസ്കാരത്തിനു മുമ്പും മധ്യാഹ്ന വിശ്രമവേളയിലും ഇശാഅ് നമസ്കാരത്തിനു ശേഷവും സമ്മതം ചോദിക്കണമെന്നു കൽപിച്ചതിന്റെ ന്യായമാണ് അത് ആളുകൾ സാധാരണ വീട്ടിൽ ധരിക്കുന്ന വസ്ത്രങ്ങളഴിച്ചുവെക്കുന്ന സ്വകാര്യവേളകളാണ് എന്നത്. അതല്ലാത്ത സമയങ്ങളിൽ ഭൃത്യജനങ്ങളും കുട്ടികളും വീട്ടിലെ മുതിർന്നവരുടെ മുറിയിൽ പ്രവേശിക്കുകയും അവരെ കാണുകയും ചെയ്യുന്നതിന് അനുവാദമുണ്ട്. അതു നല്ല കാര്യമായതുകൊണ്ടല്ല ഈ അനുവാദം; മറിച്ച് ഭൃത്യരും വീട്ടുകാരും പരസ്പരം ചുറ്റിപ്പറ്റി ഇടപഴകി കഴിയേണ്ടത് ആവശ്യമായതുകൊണ്ടാണ്. അതാണ് لَيْسَ عَلَيْكُمْ وَلَا عَلَيْهِمْ جُنَاحٌ എന്ന വാക്യത്തിന്റെ താൽപര്യം. നേരത്തേ 27-31 സൂക്തങ്ങളിൽ നൽകിയ നിർദേശങ്ങൾ ഇപ്രകാരം അല്ലാഹു വിശദീകരിച്ചുതരുന്നു എന്നു വ്യക്തമാക്കുകയാണ് كَذَٰلِكَ يُبَيِّنُ اللَّهُ لَكُمُ الْآيَاتِ ۗ وَاللَّهُ عَلِيمٌ حَكِيمٌ എന്ന വാക്യത്തിലൂടെ.

ജാഹിലിയ്യാ കാലത്ത് കുടുംബാംഗങ്ങൾക്കിടയിലും ഭൃത്യജനങ്ങളുടെയും കുട്ടികളുടെയും മുന്നിലും നഗ്നത വെളിപ്പെടുത്തുന്നത് അത്ര മ്ലേഛമായ കാര്യമായി അറബികൾ കരുതിയിരുന്നില്ല. നഗ്നരായി കഅ്ബ പ്രദക്ഷിണം ചെയ്യുന്നതു വരെ അനുവദിക്കപ്പെട്ടിരുന്നു. വീട്ടിലെ മുതിർന്നവരും കുട്ടികളും ഭൃത്യരുമെല്ലാം പരസ്പരം നഗ്നതകൾ കാണുന്നതിലും കാണിക്കുന്നതിലും ലജ്ജിച്ചിരുന്നില്ല. സൂറയിലെ 27-31 സൂക്തങ്ങളുടെ അവതരണത്തോടെ ആ മനോഭാവത്തിൽ ഗണ്യമായ മാറ്റം വന്നു. മറ്റുള്ളവരുടെ മുന്നിൽ വിവസ്ത്രരാകുന്നത് നിഷിദ്ധവും നാണക്കേടുമായി തോന്നാൻ തുടങ്ങി. ഇപ്പറഞ്ഞ മൂന്നു കൂട്ടരും പരസ്പരം ചുറ്റിപ്പറ്റി കഴിയേണ്ടവരായതിനാൽ പ്രസ്തുത നിർദേശങ്ങൾ പാലിക്കുക പ്രയാസകരമായതിനാൽ അത്തരം ആളുകൾ പരസ്പരം സൗന്ദര്യം ദർശിക്കുന്നതിൽ പ്രസ്തുത സൂക്തങ്ങൾ തന്നെ ഇളവനുവദിച്ചു. എങ്കിലും കുട്ടികളും ഭൃത്യരും തങ്ങളുടെ നഗ്നത കാണുന്നതും സ്വകാര്യതകളിൽ തലയിടുന്നതും പല പ്രവാചകശിഷ്യന്മാർക്കും അരോചകമായി തോന്നി. അവർ അക്കാര്യം പ്രവാചകനുമായി സംസാരിക്കുകയും ചെയ്തു. അതിനെത്തുടർന്നാണ് ഈ സൂക്തം അവതരിച്ചതെന്ന് ചില നിവേദനങ്ങളുണ്ട്. സാമ്പ്രദായികമായി വീടുകളിലെ മുതിർന്നവർ അവരുടെ മുറികളുടെ സ്വകാര്യതയിലായിരിക്കുമ്പോൾ കുട്ടികളും ഭൃത്യജനങ്ങളും അനുവാദമില്ലാതെ കടന്നുചെല്ലുന്നത് വിലക്കിക്കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം നിർദേശിച്ചിരിക്കുകയാണിതിൽ. ■